## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.279</u> — <u>28.10.2019 ൽ മറുപടിക്ക്</u>

### മലപ്പുറം ഗവ.താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം ഗവ.താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരാണ് സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | (എ) | മലപ്പുറം താലൂക്കാശുപത്രി സൂപ്രണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പ്രപ്പോസൽ സമർപ്പിക്കേണ്ടതാണ്. |
| (ബി) | പ്രസ്തുത ആവശ്യം വിവിധ കോണുകളിൽ നിന്ന് ഉയർന്നിട്ടും ഇതുവരേയും ബന്ധപ്പെട്ട ഓഫീസുകൾക്ക് നിർദ്ദേശം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) & (സി) | മലപ്പുറം താലൂക്കാശുപത്രിയിൽ പുതിയ ഡയാലിസിസ് കേന്ദ്രം തുടങ്ങുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) മലപ്പുറം, സെക്രട്ടറി മലപ്പുറം നഗരസഭ എന്നിവർക്ക് പുതിയ കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും ലഭിയ്ക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതായും . കാരുണ്യ ഫാർമസി തുടങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | ജില്ലാ ആസ്ഥാനത്തെ ഏക സർക്കാർ ആശുപത്രി എന്ന നിലയിലും രോഗികളുടെ വർദ്ധിച്ചുവരുന്ന എണ്ണവും കണക്കിലെടുത്ത് മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഓഫീസുകൾക്ക് നിർദ്ദേശം നൽകുമോ എന്ന് അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ